# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 27, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 315)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | 4616 മുതൽ 4697 വരെ |
| നഗരകാര്യവും ന്യൂനക്ഷക്ഷേമവും വകുപ്പുമന്ത്രി | : | 4698 മുതൽ 4734 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | 4735 മുതൽ 4834 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | 4835 മുതൽ 4930 വരെ |

## നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണം

4616 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളെ പുനഃക്രമീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് സമിതി അംഗങ്ങൾ;

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

(ഡി) സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് എം.എൽ.എ മാർ അടക്കമുള്ള ജനപ്രതിനിധികളുമായും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായും ചർച്ച നടത്തുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പുനക്രമീകരണം</u>

4617 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പുനക്രമീകരണം സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ബന്ധപ്പെട്ട എം.പി. മാർ, എം.എൽ.എ.മാർ, ത്രിതല പഞ്ചായത്ത് ഭാരവാഹികൾ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്ത് കമ്മിറ്റി റിപ്പോർട്ടിന്മേൽ തീരുമാനമെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ബ്ലോക്ക് പഞ്ചായത്തുകളുടെ വിഭജനം

4618 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്കു പഞ്ചായത്തുകൾ വിഭജിക്കാൻ തീരുമാനിക്കുന്നുണ്ടോ;

(ബി) ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) വാർഡുകളിലെ സംവരണ സീറ്റുകളിൽ മാറ്റം പത്ത് വർഷത്തിലൊരിക്കലാക്കി മാറ്റാൻ തീരുമാനമെടുക്കുമോ;

(ഡി) വാർഡുകളുടെ വിഭജനത്തിനായി ഡിലിമിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിൽ പി. എം. ജി. എസ്. വൈ പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്ന റോഡുകൾ

4619 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 -ൽ തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം റോഡുകളാണ് പി.എം.ജി. എസ്. വൈ പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോ പ്രവൃത്തിയുടെയും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

കൊട്ടാരക്കര മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ റോഡുകൾ

4620 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കൊട്ടാരക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും നിർമ്മാണം പൂർത്തീകരിക്കാതെ ഉപേക്ഷിക്കുകയും ചെയ്ത റോഡുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) എന്തു കാരണങ്ങളാലാണ് പ്രസ്തുത പണികൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കാനിടയായത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ടെർമിനേറ്റ് ചെയ്യപ്പെട്ടവയുടെയും പൂർത്തീകരിക്കാൻ സാധ്യതയുള്ളവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കൊട്ടാരക്കര മണ്ഡലത്തിൽ അനുവദിച്ച റോഡുകൾ</u>

4621 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പുതിയതായി അനുവദിച്ച റോഡുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത റോഡുകൾക്ക് അനുവദിച്ച തുകയും പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രി ഗ്രാമീണ്‍ സഡക്ക് യോജന പദ്ധതി പ്രകാരം അമ്പലപ്പുഴ ബ്ലോക്കിലെ പ്രവൃത്തികള്‍</u>

4622 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ്‍ സഡക്ക് യോജന പദ്ധതി പ്രകാരം അമ്പലപ്പുഴ ബ്ലോക്കില്‍ അനുമതി ലഭിച്ചവയില്‍ ഇനി പൂര്‍ത്തീകരിക്കാനുള്ള പ്രവൃത്തികള്‍ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പ്രവൃത്തികള്‍ എന്നത്തേയ്ക്ക് പൂര്‍ത്തീകരിക്കാന്‍ കഴിയുമെന്നുള്ള വിവരവും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ</u>

4623 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പി. എം. ജി. എസ്. വൈ പദ്ധതി എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഏതൊക്കെ റോഡുകൾ ആണ് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നത്; ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക, നിലവിലെ സ്ഥിതി എന്നിവ വിശദീകരിക്കാമോ;

(ബി) പി. എം. ജി. എസ്. വൈ പദ്ധതിയുടെ എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര രൂപയുടെ വികസന പ്രവർത്തനങ്ങൾ ആണ് നടത്തുന്നത്; ഓരോ ജില്ലയുടേയും കണക്ക് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ പ്രകാരം പൂർത്തിയാക്കിയ റോഡുകൾ</u>

4624 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ, പി. എം. ജി. എസ്. വൈ (പ്രൈംമിനിസ്റ്റേഴ്സ് ഗ്രാമീൺ സഡക്ക് യോജന) പദ്ധതിപ്രകാരം ഏതെല്ലാം റോഡുകളുടെ പ്രവൃത്തി പൂർത്തിയായി എന്നും, ഓരോ പ്രവൃത്തിക്കും എത്ര തുക ചിലവായി എന്നും വ്യക്തമാക്കാമോ;

(ബി) പൂർത്തിയാവാത്ത റോഡുകളുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ആർ. ഐ. ഡി. എഫ് പദ്ധതി</u>

4625 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ഐ. ഡി. എഫ് പദ്ധതിയുടെ ഭാഗമായി ഈ സർക്കാരിന് എത്ര തുകയുടെ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; 1.6.2011 മുതലുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ നൽകാമോ;

(ബി) 1.6.2011 മുതൽ ആർ. ഐ. ഡി. എഫ് പദ്ധതി പ്രകാരം ഒറ്റപ്പാലം ബ്ലോക്കിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഓരോന്നിന്റെയും കാലികസ്ഥിതി വിശദീകരിക്കാമോ ?

(സി) പാലക്കാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആർ. ഐ. ഡി. എഫ് പദ്ധതി പ്രകാരം എത്ര തുക റീഇംപേഴ്സ്മെന്റ് ഇനത്തിൽ നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; പദ്ധതിയടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം പറയാമോ ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പരിഷ്കരിക്കാൻ നടപടി</u>

4626 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ കുറയ്ക്കുന്ന തരത്തിലുള്ള പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഒഴിവാക്കി കൂടുതൽ തൊഴിൽ അവസരങ്ങളും തൊഴിൽ ദിനങ്ങളും ലഭ്യമാക്കത്തക്ക വിധത്തിൽ ഈ പദ്ധതിയെ പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കത്തക്ക വിധത്തിൽ തൊഴിലുറപ്പ് പദ്ധതിയെ ഈ മേഖലയിൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

4627 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 അദ്ധ്യായം II/-ൽ 1-ാം ഉപവകുപ്പ് പ്രകാരം തൊഴിലാളിക്ക് 100 ദിവസത്തെ തൊഴിൽ നൽകണമെന്ന് വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതി പ്രകാരം വനിതാ തൊഴിലാളികൾക്ക് നൽകുന്ന കൂലി</u>

4628 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം പണിയെടുക്കുന്ന വനിതാ തൊഴിലാളികൾക്ക് എത്ര രൂപയാണ് കൂലിയായി നൽകുന്നത്;

(ബി) കൂലി കുടിശ്ശികയുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് കർമ്മപരിപാടികൾ

4629 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം</u>

4630 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മഹാത്മ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമ പെൻഷൻ നൽകാൻ പദ്ധതിയുണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽ ചേരാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

സാംക്രമിക രോഗബാധിതരായ തൊഴിലുറപ്പ് തൊഴിലാളികൾക്ക് സഹായം

4631 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികൾക്ക് വൃത്തിഹീനമായ ജോലി സ്ഥലങ്ങളിൽ നിന്ന് സാംക്രമികരോഗങ്ങൾ പിടിപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ രോഗം ബാധിച്ച് മരണമടഞ്ഞ ഏതെങ്കിലും കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) സാംക്രമിക രോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് പ്രതിരോധ വാക്സിനുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ തൊഴിലാളികൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇത്തരം കേസുകളിൽ ദുരിതമനുഭവിക്കുന്നവർക്കായി പ്രത്യേക സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഇന്ദിരാ ആവാസ് യോജനയനുസരിച്ച് കേന്ദ്രം അനുവദിച്ച വീടുകൾ</u>

4632 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 വർഷത്തിൽ ഇന്ദിരാ ആവാസ് യോജനയനുസരിച്ച് കേന്ദ്രം എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ഗുണഭോക്താക്കളിലാരെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ ഈ വർഷം കേന്ദ്രം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോട് കൂട്ടിച്ചേർക്കേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) എത്ര പണം കേന്ദ്ര വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

ഇന്ദിര ആവാസ് യോജന

4633 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം വീട് നിർമ്മാണം ആരംഭിച്ചവർക്ക് തുടർ നിർമ്മാണത്തിന് ധനസഹായം ലഭിക്കാത്തത് മൂലം നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജനയിൽ വീടുകൾക്ക് ജില്ലാ അടിസ്ഥാനത്തിലുള്ള വിഹിതം

4634 ശ്രീ. പി. റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനയിൽ വീടുകൾക്ക് ജില്ലാ അടിസ്ഥാനത്തിലുള്ള വിഹിതം ആലോട്ട്മെന്റ് നടത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലെയും ബ്ലോക്കിലെയും പഞ്ചായത്തുകളിലെയും പട്ടിക ജാതി പട്ടിക വർഗ്ഗ ന്യൂനപക്ഷ ജനസംഖ്യാ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്തുന്നതിന് വ്യവസ്ഥ ചെയ്യുമോ;

(സി) പട്ടിക ജാതി, പട്ടിക വർഗ്ഗ ജനസംഖ്യയെക്കാൾ കൂടുതൽ വിഹിതം ചില ജില്ലകളിലേക്ക് അലോട്ട്മെന്റ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പട്ടിക വർഗ്ഗം ഇല്ലെങ്കിൽ ആയത് പട്ടിക ജാതിക്കും ഈ രണ്ടു വിഭാഗവും ഇല്ലെങ്കിൽ ന്യൂനപക്ഷങ്ങൾക്കും നൽകുന്നതിന് വ്യവസ്ഥ ചെയ്യാൻ തയ്യാറാവുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മുതുകുളം ബ്ലോക്ക് പഞ്ചായത്തിലെ ഐ.എ.വൈ പദ്ധതി</u>

4635 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. പദ്ധതി പ്രകാരം ധനസഹായം 2 ലക്ഷമായി ഉയർത്തിയശേഷം മുതുകുളം ബ്ലോക്ക് പഞ്ചായത്തിൽ എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ സഹായം ലഭിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഗുണഭോക്താക്കൾക്ക് ലഭ്യമാകേണ്ട ഗഡുക്കൾ മുടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) യഥാസമയം ഗഡുക്കൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി</u>

4636 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഓരോ വർഷവും ഗ്രാമവികസന വകുപ്പിന് കീഴിലുള്ള ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി വഴി എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയെന്നും ഇതിൽ ഓരോ വർഷവും സംസ്ഥാന വിഹിതം എത്രയായിരുന്നുവെന്നും കേന്ദ്ര വിഹിതം എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഏജൻസി വഴി 2011-12, 2012-13, 2013-14 വർഷങ്ങളിൽ പൂർത്തിയാക്കിയ പ്രവൃത്തികളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവോ; വിശദമാക്കുമോ;

(സി) പ്രസ്തുത ഏജൻസിയിലെ ഉദ്യോഗസ്ഥരും കരാറുകാരും തമ്മിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിലുൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല-നിയമ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത ഏജൻസി വഴി കരാറുറപ്പിച്ച കരാറുകാർ ആരൊക്കെയാണെന്നും ഓരോ വർഷവും ഇവർ ഓരോരുത്തരും എത്ര കോടി രൂപയുടെ കരാറാണ് എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഏജൻസിയിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുവെന്നും, അവർ ആരെല്ലാമെന്നും അവരുടെ ഗ്രേഡ് എന്താണെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഏജൻസിയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥ/ കരാറുകാരെ സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണത്തിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി</u>

4637 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള ലിസ്റ്റ് സഹിതം വിശദമാക്കാമോ;

(ബി) ഈ ഏജൻസി വഴി പ്രവൃത്തികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഹിൽ ഏരിയയിൽപ്പെട്ട കൂടുതൽ പഞ്ചായത്തുകളെ ഈ ഏജൻസിയുടെ പരിധിയിൽ കൊണ്ടുവരുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>ഹിൽ ഏരിയ ഡെവലപ്പ്മെന്റ് പദ്ധതി</u>

4638 ശ്രീ.എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ മണ്ഡലത്തിൽ നടപ്പാക്കുന്നത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് വിശദാംശം നൽകുമോ; പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികൾ

4639 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി കഴിഞ്ഞ സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികൾക്ക് തുക അനുവദിച്ചിരുന്നു എന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു എന്നും ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കി എന്നും വിശദമാക്കുമോ;

(സി) ചക്കിട്ടപാറ പഞ്ചായത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത് എന്നും ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

ഹിൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി

4640 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏര്യാ ഡെവലപ്മെന്റ് ഏജൻസി മുഖേനയുള്ള പദ്ധതി നടത്തിപ്പിനായി കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഹിൽ ഏര്യാ ഡെവലപ്മെന്റ് ഏജൻസി എലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അത് ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഹിൽ ഏരിയ ഡവലപ്മെന്റ് പദ്ധതി</u>

4641 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ഹിൽ ഏരിയ ഡവലപ്മെന്റ് പദ്ധതിയിൻകീഴിൽ 2012-13, 2013-14 വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>ആസൂത്രണ ബോർഡിൽ ഓൺലൈൻ സംവിധാനം</u>

4642 ശ്രീ. എം. പി. വിൻസെന്റ്
'' അൻവർ സാദത്ത്
'' ആർ. സെൽവരാജ്
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ന്റെ ഭാഗമായി ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വാർഷിക പദ്ധതികളും പദ്ധതി നിർദ്ദേശവും ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഇൻഫ്രാസ്ട്രക്ചർ നിയമം</u>

4643 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ന്റെ ഭാഗമായി ആസൂത്രണബോർഡിന്റെ നേതൃത്വത്തിൽ ഇൻഫ്രാസ്ട്രക്ചർ നിയമം രൂപീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676-ന്റെ ഭാഗമായി ആസൂത്രണ ബോർഡിൽ ഓൺലൈൻ സംവിധാനം</u>

4644 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിന് ഓൺലൈൻ സംവിധാനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>വികസന പദ്ധതികളുടെ നിരീക്ഷണത്തിനുവേണ്ടി ആസൂത്രണ വകുപ്പിന്റെ സംവിധാനം</u>

4645 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വികസന പദ്ധതികളുടെ നിരീക്ഷണത്തിനുവേണ്ടി ആസൂത്രണ വകുപ്പിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യൂണിറ്റിന്റെ ഏറ്റവും ഒടുവിലത്തെ സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് റിപ്പോർട്ട് എന്താണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം നിലയിലുള്ള പദ്ധതികളാണ് പ്ലാനിംഗ് ബോർഡ് നിരീക്ഷിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ; അവ ഓരോന്നിന്റെയും ഒടുവിലത്തെ നിരീക്ഷണ റിപ്പോർട്ടുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

പൊതുസ്വകാര്യ പങ്കാളിത്ത നയം

T4646 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, മുല്ലക്കര രത്നാകരൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയ പൊതു-സ്വകാര്യ പങ്കാളിത്ത നയത്തിൽ എത്ര വകുപ്പുകളിൽ സ്വകാര്യ പങ്കാളിത്തം നൽകുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നയപ്രകാരം പൊതുജനങ്ങൾക്ക് ലഭിക്കുന്ന എല്ലാ സേവനങ്ങൾക്കും സാധനങ്ങൾക്കും വില ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ:

(സി) പൊതു-സ്വകാര്യ പങ്കാളിത്ത നയം നടപ്പാക്കുന്നതു ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>2012 -13 വർഷത്തിലെ പദ്ധതി വിഹിതം</u>

4647 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചു എന്ന് വിശദമാക്കുമോ;

(ബി) 2012- 13 വർഷത്തിൽ ഏറ്റവും കൂടുതൽ പദ്ധതിവിഹിതം ചെലവഴിച്ച വകുപ്പും ഏറ്റവും കുറവ് ചെലവഴിച്ച വകുപ്പും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

## സാമൂഹ്യ - സാമ്പത്തിക - ജാതി സെൻസസ് കരട് പട്ടികയിലെ അപാകതകൾ

4648 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ - സാമ്പത്തിക - ജാതി സെൻസസ് കരട് പട്ടിക സംബന്ധിച്ച അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുടുംബങ്ങളുടെ വരുമാനം സംബന്ധിച്ച ആക്ഷേപങ്ങളിൽ പരാതി സമർപ്പിക്കുമ്പോൾ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ സമയബന്ധിതമായി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നിർദ്ദേശം വില്ലേജ് അധികൃതർക്ക് നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഇ) വരുമാന സർട്ടിഫിക്കറ്റ് പരിഗണിക്കുന്നില്ലെങ്കിൽ ഏത് മാനദണ്ഡമാണ് കുടുംബവരുമാനം സംബന്ധിച്ച ആക്ഷേപങ്ങളിൽ സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>സാമൂഹ്യ, സാമ്പത്തിക, ജാതിസെൻസസ്</u>

4649 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ, സാമ്പത്തിക, ജാതി സെൻസസ് പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അന്തിമലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) സാമൂഹ്യ, സാമ്പത്തിക, ജാതിസെൻസസ് പ്രകാരം ബി. പി. എൽ കുടുംബത്തെ തിരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

നബാർഡിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ

4650 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികരമേറ്റശേഷം നബാർഡിന്റെ പദ്ധതികളിൽ പ്പെടുത്തി കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണപ്രവൃത്തികൾ വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പ പലിശ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ

T4651 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ പലിശ എഴുതി തള്ളുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഏതെല്ലാം വർഷങ്ങളിൽ എടുത്ത വായ്പകൾക്കാണ് ആനുകൂല്യം പ്രഖ്യാപിച്ചിട്ടുള്ളത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്;

(ഡി) എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കാമോ; ഇത് നൽകാനായി എത്ര തുക വേണ്ടിവരും ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) ഇതിനായി ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പ - സബ്സിഡി നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശം

T4652 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2004-09 കാലഘട്ടത്തിൽ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് പലിശ സബ്സിഡി നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ ലഭിച്ച അപേക്ഷകൾ എത്രയെന്ന് എ. പി. എൽ, ബി. പി. എൽ തിരച്ച് ലഭ്യമാക്കുമോ;

(ബി) പലിശസബ്സിഡി നൽകാൻ 2013-14 വർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ച് വകയിരുത്തിയ തുക എത്രയെന്നും ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പാ പലിശയിളവ്</u>

T4653 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യഭ്യാസ വായ്പയെടുക്കുന്നവര്‍ക്ക് പലിശയിളവ് നല്‍കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത നടപടി പതിനായിരക്കമക്കിന് വിദ്യാര്‍ത്ഥികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കുന്നതാണ് എന്നത് മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) എഡ്യുക്കേഷണല്‍ സബ്സിഡി സ്കീം പ്രകാരം ഇളവ് ലഭിക്കുന്നതിന് എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ട് ജില്ല തിരിച്ച്/നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവരുടെ കാര്യത്തില്‍ എന്ത് തീരുമാനമെടുത്തു എത്ര പേര്‍ക്ക് ആനുകൂല്യം നല്‍കി വിശദമാക്കാമോ;

(ഡി) ബജറ്റില്‍ ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രഖ്യാപനങ്ങള്‍ നടത്തിയിരുന്നുവോ വിശദമാക്കുമോ; പ്രഖ്യാപിച്ച കാര്യങ്ങളില്‍ എന്തെല്ലാം നടപ്പാക്കി;

(ഇ) വിദ്യാഭ്യാസ വായ്പ പലിശ കണക്കാക്കുന്നതില്‍ ബാങ്കുകള്‍ വ്യത്യസ്ത നിരക്കുകള്‍ ഈടാക്കുന്നതും വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നതും സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് പരിഹരിക്കുന്ന കാര്യത്തില്‍ ഈ സര്‍ക്കാര്‍ ക്രിയാത്മകമായി കൈക്കൊണ്ട നടപടികളും നടപടികള്‍ കൊണ്ടുണ്ടായ പുരോഗതിയും വിശദമാക്കാമോ;

(ജി) വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ആര്‍. ബി. ഐ യും ഐ. ബി. ഐ യും അംഗീകരിച്ച മാനദണ്ഡങ്ങള്‍ പാലിക്കുന്നത് ഉറപ്പാക്കാന്‍ സര്‍ക്കാര്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പാ കുടിശ്ശിക ആശ്വാസ നടപടികൾ</u>

T4654 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുളള വിദ്യാഭ്യാസ വായ്പ കുടിശ്ശികയായതിനെത്തുടർന്ന് നിയമ നടപടി നേരിടേണ്ടി വരുന്നവർക്കായി ഏതെങ്കിലും തരത്തിലുളള ആശ്വാസ നടപടികൾ നടപ്പിലാക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ ആനുകൂല്യമാണ് ഇതേവരെ നൽകിയിട്ടുളളത്; ഇതിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡമെന്തായിരുന്നു;

(സി) വിദ്യാഭ്യാസം പൂർത്തീകരിച്ചിട്ടും കാര്യമായ വരുമാനദായകമായ ജോലി ലഭിച്ചിട്ടില്ലാത്തവരുടെ വായ്പാ കുടിശ്ശിക, പിഴപ്പലിശ തുടങ്ങിയവ എഴുതിത്തളളാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ബി. പി. എൽ വിഭാഗക്കാരുടെ വിദ്യാഭ്യാസ വായ്പകൾക്ക് പലിശ സബ്സിഡി</u>

4655 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. വിഭാഗക്കാരുടെ വിദ്യാഭ്യാസ വായ്പകൾക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത വിഭാഗത്തിലെ എത്ര പേർക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മൂന്ന് ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ളവർക്കുള്ള പലിശ സബ്സിഡിക്ക് എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>ബി. പി. എൽ. പട്ടികയിൽ അനാഥാലയങ്ങളിലെ അന്തേവാസികളെ ഉൾപ്പെടുത്താൻ നടപടി</u>

4656 ശ്രീ. വി. റ്റി. ബൽറാം
'' ജോസഫ് വാഴക്കൻ
'' ഷാഫി പറമ്പിൽ
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.പി.എൽ പട്ടികയിൽ അനാഥാലയങ്ങളിലെ അന്തേവാസികളെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) അനാഥാലയങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഇത് എത്രമാത്രം സഹായകരമാകുമെന്ന് വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്കുള്ള ധനസഹായം ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കാനുള്ള പദ്ധതി</u>

4657 ശ്രീ. വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് ധനസഹായം ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

